**പതിമൂന്നാം കേരള നിയമസഭ**

പത്താം **സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4245** — **03.02.2014-ലെ** മറുപടിയ്ക്ക്

## തൊഴിൽ രഹിതർക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇപ്പോൾ തൊഴിൽരഹിതവേതനം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ്; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവരും നിശ്ചിത വരുമാന പരിധിയിൽ ഉള്ളവരുമായ അപേക്ഷകർക്ക് നിശ്ചിത പ്രായപരിധി വരെ തൊഴിൽരഹിത വേതനം നൽകുന്നു. നിലവിൽ പ്രതിമാസം 120/- രൂപ (നൂറ്റി ഇരുപത് രൂപ മാത്രം) യാണ് തൊഴിൽ രഹിത വേതനമായി നൽകുന്നത്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുന:സംഘടിപ്പിച്ച് തൊഴിൽ രഹിതർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുതകും വിധം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്മെന്റ് ജനറേറ്റിംഗ് സെന്ററുകളാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്; കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-13 സാമ്പത്തിക വർഷം ആരംഭിച്ച പുതിയ പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യരുടെ കഴിവുകൾ സൈക്കോമെട്രിക് ടെസ്റ്റ്, അഭിരുചി പരീക്ഷ എന്നിവയിലൂടെ കണ്ടെത്തി, ആശയ വിനിമയ പാടവം, ഇന്റർവ്യൂ സ്കിൽസ് എന്നിവയിൽ അവർക്ക് പരിശീലനം നൽകിക്കൊണ്ട് അവരെ തൊഴിലിൽ പ്രാപ്തരാക്കുന്നു. പൊതു-സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടുകൊണ്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും ഇപ്രകാരം പരിശീലനം ലഭിച്ച് ജോലിയ്ക്ക് പ്രാപ്തരായി ആത്മവിശ്വാസത്തോടെ യുവജനങ്ങൾക്ക് ജോലി നേടി ക്കൊടുക്കുവാൻ സഹായിക്കുന്നു. |

(മറുപുറം

| | | | |
|---|---|---|---|
| (സി) | പൊതു/സ്വകാര്യ മേഖലകളിൽ ജോലി കണ്ടെത്തുന്നതിനും മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കുന്നുണ്ടോ; | (സി) & (ഡി) | എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 7 യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾ, വികലാംഗർക്കായുള്ള 6 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവ മുഖേന വി.ജി. സ്കീമിന്റെ കീഴിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സംസ്ഥാന സർക്കാർ/ പൊതുമേഖലാ ബാങ്കുകൾ/ സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ജോലി കണ്ടെത്തുന്നതിന് ഉതകുന്ന രീതിയിൽ മികച്ച ഫാക്കൽട്ടിയുടെ സഹായത്തോടെ തന്നെ പി.എസ്.സി. ഐ.ബി.പി.എസ്, NET, SSC മുതലായ സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകൾക്ക് വേണ്ടി സൗജന്യ കോച്ചിംഗ് ക്ലാസുകൾ നടന്നു വരുന്നു. സർക്കാരിന്റെയും, സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെയും സാമ്പത്തിക സഹായം കൂടി പ്രയോജനപ്പെടുത്തി പരമാവധി ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം കിട്ടുന്ന രീതിയിൽ വിവിധ കോച്ചിംഗ് ക്ലാസ്സുകൾ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നടന്നു വരുന്നു. കരിയർ സെമിനാറുകൾ, കരിയർ എക്സിബിഷൻ എന്നിവയും സംഘടിപ്പിച്ച് വരികയാണ്. വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം സംബന്ധിച്ചും, മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതകൾ സംബന്ധിച്ചുമുള്ള കരിയർ പ്രഭാഷണങ്ങൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തി വരുന്നു. സ്വകാര്യ/ പൊതുമേഖലകളിൽ ഉള്ള തൊഴിൽ സാധ്യതകൾ സംബന്ധിച്ചും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സംബന്ധിച്ചും സെമിനാറുകൾ, കരിയർ എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചതിനെ തുടർന്ന് നിരവധി ഉദ്യോഗാർത്ഥികളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പി.എസ്.സി. യുടേത് ഉൾപ്പെട്ടയുള്ള മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനും മറ്റു പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

(മറുപുറം)

കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ നൂതന സംരംഭമായ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് വിവിധ സ്വകാര്യ തൊഴിലുകളിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ എംപ്ലോയബിലിറ്റി എൻഹാൻസ് -മെന്റ് പ്രോഗ്രാമും നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**